**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 1176

13.6.2013 ൽ
മറുപടിയ്ക്ക്

**അരിയുടെ വിലവർദ്ധന തടയുന്നതിനുള്ള മുൻകരുതലുകൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം.വി. ശ്രേയാംസ്കുമാർ :<br>ഡോ. എൻ. ജയരാജ് :<br>ശ്രീ. പി.സി. ജോർജ് :<br>ശ്രീ. റോഷി അഗസ്റ്റിൻ : | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) അരിയുടെ വിലവർദ്ധന തടയുന്നതിനുള്ള നടപടികൾ എന്തെല്ലാമാണ് ; | എ) | അരിയുടെ വിലവർദ്ധനവ് തടയുന്നതിനായി പൊതുവിതരണ സമ്പ്രദായത്തിലൂടെ കുറഞ്ഞ നിരക്കിൽ അരി ലഭ്യമാക്കുന്നു. ബി.പി.എൽ കാർഡുടമകൾക്ക് കിലോ ഗ്രാമിന് ഒരു രൂപ നിരക്കിൽ 25 കി.ഗ്രാം അരി നൽകുന്നു. എ.എ.വൈ വിഭാഗത്തിൽപ്പെട്ടവർക്ക് ഒരു രൂപ നിരക്കിൽ 35 കി.ഗ്രാം അരിയും അന്നപൂർണ്ണ കാർഡുടമകൾക്ക് പ്രതിമാസം 10 കി.ഗ്രാം അരി സൗജന്യമായും നൽകുന്നു. എ.പി.എൽ കാർഡുടമകൾക്ക് കിലോയ്ക്ക് 8.90 രൂപ നിരക്കിൽ 9 കി.ഗ്രാം അരി നൽകുന്നു. എ.പി.എൽ വിഭാഗത്തിൽപ്പെട്ട രണ്ട് രൂപ നിരക്കിലുള്ള ഭക്ഷ്യധാന്യവിതരണ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് 9 കി.ഗ്രാം അരി കി.ഗ്രാമിന് 2 രൂപ നിരക്കിൽ നൽകുന്നു. കരിഞ്ചന്ത, പൂഴ്ത്തിവയ്പ് മുതലായവ നടത്തി കൃത്രിമ ക്ഷാമം സൃഷ്ടിച്ച് അരിയുടെ വില വർദ്ധിപ്പിക്കാനിടയുള്ള സാഹചര്യങ്ങളെ മുൻകൂട്ടി കണ്ട് അതിനെതിരെ കർശന നടപടികൾ സ്വീകരിച്ചു വരുന്നു. അരിയുടെ വിലവർദ്ധന തടയുന്നതിനു വേണ്ടി സപ്ലൈകോ അരിക്കട എന്ന പദ്ധതിയിൽപ്പെടുത്തി 1400-ൽ പരം വിൽപ്പന ശാലകൾ വഴി റേഷൻ കാർഡൊന്നിന് 20 കി.ഗ്രാം അരി വിതരണം ചെയ്യുന്നുണ്ട്. മട്ടയരി കി. ഗ്രാമിന് 16 രൂപയ്ക്കും, പച്ചരി കി.ഗ്രാമിന് 21 രൂപയ്ക്കും, മാവേലി കുറുവ അരി കി.ഗ്രാമിന് 19 രൂപയ്ക്കും, ജയ അരി കി.ഗ്രാമിന് 21 രൂപ നിരക്കിലും വിറ്റു വരുന്നു. |
| ബി) പൊതു കമ്പോളത്തിലെയും സർക്കാരിന്റെ വിവിധ ഏജൻസികൾ വഴി വിറ്റഴിക്കുന്ന അരിയുടെയും വിലകൾ തമ്മിലുള്ള അന്തരം വ്യക്തമാക്കുമോ ; | ബി) | സംസ്ഥാനത്തെ റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന അരിയുടെ വില ചുവടെ ചേർക്കുന്നു.<br>ബി.പി.എൽ -1 രൂപ<br>എ.പി.എൽ - 8.90 രൂപ<br>എ.എ.വൈ - 1 രൂപ<br>അന്നപൂർണ്ണ- സൗജന്യം<br>എ.പി.എൽ.എസ്എസ് - 2രൂപ |

സപ്ലൈകോ വഴിയും, കൺസ്യൂമർഫെഡിന്റെ നന്മ സ്റ്റോർ വഴിയും വിതരണം ചെയ്യുന്ന വിവിധ ഇനം അരിയുടെ വില ചുവടെ ചേർക്കുന്നു.

| ഇനം | സപ്ലൈകോ വില (സബ്സിഡി നിരക്കിൽ - രൂപ) | നന്മ സ്റ്റോർ വില (രൂപ) |
|---|---|---|
| പച്ചരി | OMSS 21.00/16 | 16.00 |
| മട്ട അരി /കുത്തരി | 16.00 | 16.00 |
| ജയ അരി | 21.00 | 21.00 |
| കുറുവ അരി | 19.00 | 19.00 |

പൊതുവിപണിയിലെ വിവിധ ഇനം അരിവില (എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ലഭ്യമാക്കിയത്) അനുബന്ധമായി ചേർക്കുന്നു

സി) ഗുണനിലവാരമുള്ള അരിയുടെ ലഭ്യത മിതമായ നിരക്കിൽ ഉറപ്പു വരുത്തുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് ചെയ്തിട്ടുള്ളത് ; വിശദാംശങ്ങൾ നൽകുമോ ?

സി) ഗോഡൗണുകളിൽനിന്നും അരി വിട്ടെടുത്ത് വിതരണം ചെയ്യുന്ന വിവിധ ഘട്ടങ്ങളിൽ അരിയുടെ സാമ്പിളുകൾ ശേഖരിക്കുകയും എ.ആർ.ഡികളിൽ അരി സാമ്പിളുകൾ പ്രദർശിപ്പിക്കണമെന്ന കർശന നിർദ്ദേശം നൽകുകയും ചെയ്യുന്നു. വിതരണം ചെയ്യുന്ന അരിയുടെ ഗുണമേന്മ ഉറപ്പു വരുത്തുന്നതിനായി പരിശോധനകളും റെയ്ഡും നടത്തുകയും ക്രമക്കേടുകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. സപ്ലൈകോ വഴി വിറ്റഴിക്കുന്ന അരിയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുവേണ്ടി അരിയുടെ സാമ്പിളുകൾ കോന്നിയിലെ ഫുഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ പരിശോധിക്കുന്നുണ്ട്. എല്ലാ ഡിപ്പോകളിലും ക്വാളിറ്റി ഇൻസ്പെക്ടർമാർ അരിയുടെ ഗുണനിലവാരം കർശനമായ പരിശോധനകളിലൂടെ ഉറപ്പ് വരുത്തുന്നു. ഗുണനിലവാരമുള്ള അരി മാത്രമാണ് സപ്ലൈകോ വിൽപ്പന കേന്ദ്രങ്ങളിലൂടെ വിൽക്കുന്നത്. മിതമായ നിരക്കിൽ അരി ലഭിക്കുന്നതിനു വേണ്ടി കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കുന്ന അരി ഓപ്പൺ മാർക്കറ്റ് വിൽപ്പന പദ്ധതി വഴി സപ്ലൈകോ വിതരണ കേന്ദ്രങ്ങളിൽ കൂടി വിൽക്കുന്നുണ്ട്. പൊതുവിപണിയിൽ അരി വില നിയന്ത്രിക്കുകയെന്ന ലക്ഷ്യത്തോടെ സപ്ലൈകോയിൽ തുടർന്നുവരുന്ന അരിക്കട എന്ന പദ്ധതിയിലൂടെ സബ്സിഡി നിരക്കിൽ പച്ചരി, മട്ട അരി, ജയ അരി, കുറുവ അരി എന്നിവ വിറ്റു വരുന്നു. കൂടാതെ എഫ്.സി. ഐ യിൽ നിന്നും പച്ചരിയും പുഴുക്കലരിയും സ്റ്റോക്കെടുത്ത് സപ്ലൈകോ ചില്ലറ വിൽപ്പനശാലകളിൽ വഴിയും വിതരണം നടത്തി വരുന്നുണ്ട്.

Beenau

സെക്ഷൻ ഓഫീസർ

# Department of Economics & Statistics

Statement showing the retail prices of certain Essential Commodities in the District Headquarters of Kerala as on 11-06-2013

| Sl.No. | Name of Commodity | Unit | Tvm | Kollam | Pta | Alp | Kot | Idukki | Ekm | Trissur | Pkd | Mlp | Koz | Wnd | Kannur | Kgd | State Average on 11-06-2013 | State Average on 10-06-2013 | % var |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 2 |
| A. | CEREALS | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | |
| 1.(1) | Rice (Red) Open Market | | | | | | | | | | | | | | | | | | |
| a. | Rice(red)open market Matta | Kg. | 38.00 | 35.00 | 41.00 | 38.00 | 41.00 | 41.00 | 44.00 | 34.00 | 33.00 | 34.00 | 35.00 | 34.00 | 34.00 | 38.00 | 37.14 | 37.14 | 0.( |
| b. | Rice(red)open market Nadan | Kg. | | | 41.00 | | | 41.00 | 39.00 | 34.00 | 33.00 | 33.00 | 40.00 | | 34.00 | | 36.88 | 36.88 | 0.( |
| c. | Rice(red)open market Chamba | Kg. | 38.00 | | | | | | | | | | | 30.00 | 34.00 | | 34.00 | 34.00 | 0.( |
| d. | Rice(red)open market Punja | Kg. | | | | | | | | | | | | 33.00 | | | 33.00 | 33.00 | 0.( |
| e. | Rice(red)open market Culture | Kg. | | | | | | | 36.00 | | | 36.00 | 36.00 | | 44.00 | | 38.00 | 38.00 | 0.( |
| f. | Rice(red)open market Rose | Kg. | 42.00 | 37.00 | 41.00 | | | | 36.00 | 34.00 | 32.00 | | | | 34.00 | 35.00 | 36.38 | 36.38 | 0.( |
| g. | Rice(red)open market Massoori | Kg. | | | | | | | | | | | | | | | | | |
| (ii) | Rice (white) open market | | | | | | | | | | | | | | | | | | |
| a. | Rice(white)open mrkt Andhra Vella | Kg. | 32.00 | 30.00 | | 30.00 | 33.00 | 31.00 | | 31.00 | 31.00 | 22.00 | 32.00 | 27.00 | 32.00 | 32.00 | 30.25 | 30.25 | 0.( |
| b. | Rice(white)open mrkt Chmbala Vella | Kg. | | 30.00 | | | | | 30.00 | 32.00 | | 30.00 | | 28.00 | | 33.00 | 30.50 | 30.50 | 0.( |
| c. | Rice(white)open mrkt Mysore Vella | Kg. | | | | | 33.00 | | 32.00 | | | 31.00 | | 28.00 | | | 31.00 | 31.00 | 0.( |
| d. | Rice(white)open mrkt Nepal Vella | Kg. | | | | | | | | | | | | | | | | | |
| e. | Rice(white)open mrkt Palakkadan Jaya | Kg. | | 31.00 | 31.00 | | | | | | 30.00 | 29.00 | | | | | 30.25 | 30.25 | 0.( |